manoramaonline.com beta

ഐടി അറ്റ് ഗ്രാമം

- സ്വന്തം ലേഖകന്‍

Story Dated: Monday, November 15, 2010 2:1 hrs IST

Print E-mail Share Text Size



കാക്കൂരില്‍ പൂര്‍ത്തിയാവുന്ന ഗ്രാമീണ ഐ ടി പാര്‍ക്ക് മന്ദിരം.

**കൂത്താട്ടുകുളം:** ഗ്രാമീണമേഖലയിലേക്കു ം ഐടി വികസനം ലക്ഷ്യമിട്ട് സ ംസ്ഥാനത്ത് ആരംഭിച്ച ഗ്രാമീണ ഐടി പാര്‍ക്കിന്റെ നിര്‍മാണം കാക്കൂരില്‍ പൂര്‍ത്തിയാവുന്നു. ഐടി വകുപ്പിന്റെ മേല്‍നോട്ടത്തില്‍ നടപ്പാക്കുന്ന പദ്ധതിയില്‍ സംസ്ഥാനത്ത് രണ്ടാമത്തെയും എറണാകുളം ജില്ലയില്‍ ആദ്യത്തെയും സംരംഭമാണിതെന്ന് അധികൃതര്‍ പറഞ്ഞു.

കാളവയലിന്റെ നാടെന്ന പേരില്‍ ഖ്യാതി നേടിയ കാക്കൂര്‍, പദ്ധതി യാഥാര്‍ഥ്യമാവുന്നതോടെ ഐടി ഭൂപടത്തില്‍ സ്ഥാനം നേടുന്ന ആദ്യഗ്രാമമെന്ന പദവിയിലേക്കും ഉയരുകയാണ്. പാമ്പാക്കുട ഖാദി സഹകരണസംഘം യൂണിറ്റിന്റെ അധീനതയിലുള്ള സ്ഥലത്താണ് പാര്‍ക്ക് പൂര്‍ത്തിയാവുന്നത്. ഏറെ വൈകാതെ ഉദ്ഘാടനം നടത്താനാവുമെന്ന് എം .ജെ.ജേക്കബ് എം എല്‍ എ പറഞ്ഞു. മന്ദിരത്തില്‍ ഭാഗികമായി ഇലക്ട്രിക്കല്‍ ജോലികള്‍ മാത്രമാണ് ഇനി പൂര്‍ത്തിയാവാനുള്ളത്.

നടക്കാവ്– ഒലിയപ്പുറം ഹൈവേയുടെ ഓരത്ത് കാക്കൂര്‍ അമ്പലപ്പടിയില്‍ ഖാദി സംഘത്തിന്റെ നിയന്ത്രണത്തിലുണ്ടായിരുന്ന പ്രവര്‍ത്തനരഹിതമായ കെട്ടിടവും സ്ഥലവുമാണ് പദ്ധതിക്കു വേണ്ടി പ്രയോജനപ്പെടുത്തിയത്. ഇന്‍ഫോപാര്‍ക്കിലെ വിദഗ്ധരുടെ മേല്‍നോട്ടത്തില്‍ പൂര്‍ത്തീകരിച്ച പാര്‍ക്കിന്റെ വരുമാനത്തില്‍ 90% ഐ ടി വകുപ്പിനും 10% കാക്കൂര്‍ ഖാദി സംഘത്തിനുമെന്നാണ് ധാരണ. ദൈനംദിന പ്രവര്‍ത്തനങ്ങള്‍ക്കു പോലുമുള്ള തുക കണ്ടെത്താനാവാതെ ബുദ്ധിമുട്ടിലായ ഖാദി സംഘത്തിന് ഇതു അധിക വരുമാനവുമാകും.

ആദ്യ ഘട്ടം നിര്‍മാണ പ്രവര്‍ത്തനങ്ങള്‍ക്കായി 55 ലക്ഷം രൂപയാണ് അനുവദിച്ചത്.60 കംപ്യൂട്ടര്‍ വിദഗ്ധര്‍ക്ക് ഒരേ സമയം ജോലി ചെയ്യുന്നതിനുള്ള സൌകര്യമാണ് ഇപ്പോള്‍ പൂര്‍ത്തിയാവുന്നത്.നടക്കാവ് –ഒലിയപ്പുറം ഹൈവേയുടെ യാഥാര്‍ഥ്യമായി ചുരുങ്ങിയ സമയത്തിനുള്ളില്‍ കൊച്ചി നഗരത്തില്‍ നിന്നും കാക്കൂരില്‍ എത്തിച്ചേരാനാവുമെന്നായതോടെ പാര്‍ക്ക് കാക്കൂരിന്റെ വികസനസ്വപ്നങ്ങള്‍ക്ക് പുതിയ പ്രതീക്ഷകളാണ് നല്‍കുന്നത്.ഗ്രാമീണമേഖലയിലേക്ക് ഐ ടി കമ്പനികളുടെ കടന്നുവരവ് പ്രത്യക്ഷമായുള്ളതിനൊപ്പം പരോക്ഷമായും പുതിയ തൊഴിലവസരങ്ങള്‍ സൃഷ്ടിക്കുമെന്നാണ് സൂചന.

സമീപ പഞ്ചായത്തുകളിലും ഇതിന്റെ പ്രയോജനം ലഭിക്കും. ടൗണ്‍ പ്രദേശങ്ങളെ അപേക്ഷിച്ച് ഗ്രാമീണ മേഖലയില്‍ കുറഞ്ഞ മുതല്‍മുടക്ക് മതിയാവുമെന്നിരിക്കെ ഇപ്പോഴത്തെ സാഹചര്യം കാക്കൂരിലേക്ക് എത്തുന്ന സംരംഭകര്‍ക്കും അനുകൂലമാവും.